## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4456** **20.10.2011-ൽ മറുപടിയ്ക്ക്**

## ജനകീയ പ്രശ്നങ്ങളിൽ സമയബന്ധിതമായ തീർപ്പു കല്പിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ.എ. നെല്ലിക്കുന്ന്**<br>**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. സി. മമ്മൂട്ടി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | സെക്രട്ടേറിയറ്റിലും സർക്കാർ വകുപ്പുകളിലും തീരുമാനമാകാതെ കിടപ്പുള്ള ജനകീയ പ്രശ്നങ്ങളിൽ സമയബന്ധിതമായ തീർപ്പുണ്ടാക്കാൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നല്കുമോ ; | (എ) | നൂറുദിന കർമ്മപദ്ധതികളുടെ ഭാഗമായി മന്ത്രിതലത്തിലും വിവിധ വകുപ്പുതലത്തിലും ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിച്ചുവരുന്നുണ്ട്. 36 ഭരണ വകുപ്പുകളിൽ പെർഫോമൻസ് മോണിറ്ററിംഗ് ആൻറ് ഇവാലുവേഷൻ സിസ്റ്റത്തിൻെറ ഭാഗമായി ഒരു വർഷത്തെ പ്രോജക്ടുകളും നയങ്ങളും രൂപീകരിച്ച് തൃപ്തികരമാം വിധം സമയബന്ധിതമായി പൂർത്തിയാക്കുന്ന 'റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെൻറ്' (RFD) എന്ന സമ്പ്രദായം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഭരണതലത്തിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുകയും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും ഫയൽ തീർപ്പിന് പ്രത്യേക നടപടികളും സ്വീകരിച്ചിട്ടും ജനങ്ങൾക്ക് നീതി സമയത്തിന് ലഭിക്കുംവിധം ഫയലുകളിൽ തീരുമാനമാകാതെ വരുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പ്രത്യേകം പരിശോധനാ വിധേയമാക്കിയിട്ടില്ല<br><br>(. . . . .2) |

| | | | |
|---|---|---|---|
| (സി) | ആത്മാർത്ഥതയോടെ ജോലി ചെയ്ത് ജനകീയ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകി തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നല്കുന്നതിന് നിലവിലുള്ള സംവിധാന മെന്താണ് ; അത് വിപുലമാക്കുമോ ; | (സി) | ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി നൽകി പ്രോൽസാഹിപ്പിക്കാറുണ്ട്. |
| (ഡി)<br><br>(ഇ) | സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായിക്കഴിഞ്ഞ സാഹചര്യത്തിൽ ഫയലുകളുടെ രജിസ്റ്ററിംഗ്, അവയുടെ മൂവ്മെൻറ് എന്നിവ മേലുദ്യോഗസ്ഥർക്ക് നേരിട്ട് പരിശോധിക്കാനും കാലതാമസം എവിടെയുണ്ടായി എന്നും കണ്ടെത്താനുമുള്ള സൗകര്യം ലഭ്യമായിട്ടുണ്ടോ ;<br><br>എങ്കിൽ ഏതെങ്കിലും മേലുദ്യോഗസ്ഥർ പ്രസ്തുത സൗകര്യമുപയോഗിച്ച് അനാവശ്യകാലതാമസം ഉണ്ടാക്കിയ കീഴുദ്യോഗസ്ഥരുടെ നടപടി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച അനന്തര നടപടികളെ സംബന്ധിച്ച വിശദ വിവരം നല്കുമോ ; | | (ഡി) യും (ഇ) യും<br><br>IDEAS സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഓരോ ഉദ്യോഗസ്ഥരുടെയും ഫയൽ നീക്കം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാനും കാലതാമസം എവിടെയുണ്ടായി എന്ന് കണ്ടെത്താനും IDEAS സോഫ്റ്റ്‌വെയറിലൂടെ സാധിക്കും. അനാവശ്യ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ആധുനിക സാങ്കേതിക സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ഫയലുകളിൽ കാലതാമസമില്ലാതെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ കർശന നിർദ്ദേശം നല്കുകയും അനാവശ്യ കാലതാമസത്തിനെതിരെ കർശന ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുമോ ? | (എഫ്) | ഫയലുകളിൽ കാലതാമസമില്ലാതെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |